**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 399** **02.12.2014-ൽ മറുപടിയ്ക്ക്**

# സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വൈദ്യുതീകരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ഒക്ടോബർ 2014 വരെ 6257 സർവ്വീസ് കണക്ഷനുകൾ നൽകുകയും 49 കിലോമീറ്റർ 11 കെ.വി. ലൈനും 61 കിലോമീറ്റർ എൽ.റ്റി ലൈനും വലിക്കുകയും 72 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ പൂർത്തീകരിച്ച കണക്ഷനുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) കണക്ഷനുകളുടെ എണ്ണം താഴെ ചേർക്കുന്നു. |

| | |
|---|---|
| ബി.പി.എൽ വെതർപ്രൂഫ് | 373 |
| ബി.പി.എൽ ഓവർഹെഡ് | 80 |
| എ.പി.എൽ ഓവർഹെഡ് | 17 |
| എസ്.സി./എസ്.ടി വിഭാഗം | 71 |

| | |
|---|---|
| (സി) മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം കേന്ദ്രമാക്കി രൂപീകരിക്കുന്ന കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം ബോർഡ് പരിഗണിച്ചു വരുന്നു. |
| (ഡി) താമരക്കുളം ഗ്രാമപഞ്ചായത്തിൽ വെൽഫെയർ എൽ. പി. എസ്-നു സമീപം താഴ്ന്നു കിടക്കുന്ന വൈദ്യുതി ലൈനുകൾ ഉയർത്തുന്നതിന് എം. എൽ. എ നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) ബഹുമാനപ്പെട്ട എം.എൽ.എ-യുടെ ആവശ്യപ്രകാരം കേശവപിള്ള ട്രാൻസ്ഫോർമർ പോയിന്റ് മുതൽ വെൽഫയർ യു.പി. സ്കൂൾ ട്രാൻസ്ഫോർമർ വരെയുള്ള1.25 കിലോമീറ്റർ സിംഗിൾ സർക്യൂട്ട് 11 കെ.വി ഓവർഹെഡ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 13,16,150/- രൂപയുടെ എസ്റ്റിമേറ്റ് വർക്ക് ഡെപ്പോസിറ്റ് സ്കീമിൽ തയ്യാറാക്കി ബഹു. എം.എൽ.എ-യെ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള 11 |

കെ.വി. ലൈൻ വെൽഫയർ സ്കൂൾ കെട്ടിടത്തിൽ നിന്നും 60 മീറ്റർ മാറി പുറകുവശത്തു കൂടിയാണ് കടന്നുപോകുന്നത്. പ്രസ്തുത ലൈൻ താഴ്ന്നുകിടക്കുന്ന നിലയിലും അല്ല.

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പ്രവൃത്തി അടിയന്തര മായി ചെയ്യുന്നതിനുള്ള തുക അനുവദിക്കുമോ ? | (ഇ) | തുക അനുവദിക്കാവുന്നതല്ല. എം.എൽ.എ ഫണ്ടിൽ നിന്നും ടി തുക ഒടുക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**